# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4762 | 28.06.2013-ൽ മറുപടിക്ക് |
|---|---|

**അംഗവൈകല്യമുള്ളവർക്കുള്ള പഠന പരിശീലനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, പി. ബി. അബ്ദുൾ റസാക്<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, വി. എം. ഉമ്മർ മാസ്റ്റർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) അംഗവൈകല്യമുള്ള കുട്ടികളെയും, മുതിർന്നവരെയും മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനു വേണ്ടി അവർക്ക് തൊഴിൽ പഠനവും, പരിശീലനവും നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) അംഗവൈകല്യമുള്ള കുട്ടികളെയും മുതിർന്നവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുവേണ്ടി അവർക്ക് തൊഴിൽ പഠനവും പരിശീലനവും ഏർപ്പെടുത്തുന്നതിലേയ്ക്ക് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും രണ്ട് വികലാംഗ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി സ്ഥാപനങ്ങളിലൂടെ രണ്ട് വർഷത്തെ ബുക്ക് ബയന്റിംഗ്, ടെയിലറിംഗ് ആന്റ് എംബ്രോയിഡറി, ലതർ വർക്സ് എന്നീ ജനറൽ കോഴ്സുകളും ഡി.സി.എ, ഡി.റ്റി.പി, ഡി.സി.എച്ച് & എൻ.എം, റ്റാലി തുടങ്ങിയ ഷോർട്ട് ടേം കോഴ്സുകളും ഫാഷൻ ഡിസൈനിംഗ് കോഴ്സും നടത്തി വരുന്നു. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റും വകുപ്പ് മുഖേന സർക്കാർ നൽകി വരുന്നുണ്ട്. |
| (ബി) വൈകല്യത്തിനനുസൃതമായ പാഠ്യപരിശീലന പദ്ധതികൾ അവർക്കായി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓൺ മെന്റൽ റിറ്റാർഡേഷനും സാമൂഹ്യനീതി വകുപ്പും ചേർന്ന് സംയുക്തമായി ഒരു പ്രത്യേക പാഠ്യപഠന സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഗ്രാമപ്രദേശങ്ങളിലെ വികലാംഗരായ കുട്ടികൾക്ക് അവർക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ചും, പഠനപരിശീലന സൗകര്യങ്ങളെക്കുറിച്ചും അറിവും, സഹായവും നൽകാനുള്ള ഹെൽപ് ഡസ്ക് സൗകര്യം ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ? | (സി) തിരുവനന്തപുരത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്)-ൽ പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ഡിസെബിലിറ്റി ഇൻഫർമേഷൻ ലൈൻ (ഡി.ഐ.എൽ) എന്ന സംവിധാനം മുഖേന അംഗവൈകല്യമുള്ള വ്യക്തികൾക്കുള്ള പഠനസഹായം, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവ അടക്കമുള്ള വിവരങ്ങൾ 1800-425-3323 എന്ന ടോൾഫ്രീ നമ്പരിലൂടെ അറിയാൻ കഴിയുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ